പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3205 | 13. 10.11 ൽ മറുപടിയ്ക്ക്

## തുറമുഖ വകുപ്പിൽ നിയമിക്കപ്പെടുന്ന അപ്രൂവ്ഡ് കൺസൾട്ടന്റിന്റെ ചുമതലകൾ

ചോദ്യം

ശ്രീ.മാത്യു.റ്റി.തോമസ്

ശ്രീമതി. ജമീലാ പ്രകാശം

ശ്രീ.സി.കെ.നാണു

ശ്രീ. ജോസ് തെറ്റയിൽ

മറുപടി

ശ്രീ. കെ.ബാബു

( എക്സൈസും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| | തുറമുഖ വകുപ്പിൽ നിയമിക്കപ്പെടുന്ന അപ്രൂവ്ഡ് കൺസൾട്ടന്റിന്റെ ചുമതലകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; | എ | കേരള ഇൻലാന്റ് വെസ്സൽ റൂൾസ് 2010-ലെ റൂൾ. 4 പ്രകാരം സർവ്വേയ്ക്കു വേണ്ടി വെസ്സൽ സൈസ്, യാത്രക്കാരുടെ എണ്ണം, എഞ്ചിൻ കാപ്പാസിറ്റി, ഡെക്കുകളുടെ എണ്ണം, നിർമ്മാണത്തിനുപയോഗിച്ച കൺസ്ട്രക്ഷൻ മെറ്റിരിയൽസ് എന്നിവ അടിസ്ഥാനമാക്കി വെസ്സലുകളെ കാറ്റഗറി എ, ബി എന്നിങ്ങനെ തരം തിരിക്കാം. ഇതിൽ കാറ്റഗറി ബി വെസ്സൽസിന്റെ നിർമ്മാണത്തിനാവശ്യമായ ഡ്രോയിംഗ് അപ്രൂവ് ചെയ്യുക, സ്റ്റേജ് ഇൻസ്പക്ഷൻ നടത്തുക, സ്റ്റെബിലിറ്റി ബുക്ക്ലെറ്റ് അപ്രൂവ് ചെയ്യുക എന്നിവയാണ് അപ്രൂവ്ഡ് കൺസൾട്ടന്റ് ചെയ്യുന്നത്. ഇതിനു പുറമേ ഉൾനാടൻ ജലയാനങ്ങളുടെ കോസ്റ്റ് എസ്റ്റിമേഷൻ നടത്തുക, വെസ്സലുകളുടെ മോഡിഫിക്കേഷൻ പരിശോധിച്ച് അപ്രൂവൽ നൽകുക, വെസ്സലുകളുടെ പെർഫോമൻസ് ട്രയൽ സാക്ഷ്യപ്പെടുത്തുക, എഞ്ചിൻ മാറ്റി വയ്ക്കൽ, റിപ്പയർ എന്നിവ പരിശോധിച്ച് അനുമതി നൽകുക, സുരക്ഷാ ഉപകരണങ്ങളുടെ സേഫ്റ്റി പ്ലാൻസിന് അനുമതി നൽകുക, പൊലൂഷൻ പ്ലാൻസ് പരിശോധിക്കുക |

| | | | |
|---|---|---|---|
| | | | എന്നിവയും അപ്രൂവ്ഡ് കൺസൾട്ടന്റിന്റെ ചുമതലകളാണ്. |
| ബി | കേരള ഐ.വി.റൂൾ 2010 പ്രകാരം അപ്രൂവ്ഡ് കൺസൾട്ടന്റ് ആയി നിയമിക്കപ്പെടാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | ബി | കേരള ഇൻലാന്റ് വെസ്സൽ റൂൾസ് 2010 -ലെ റൂൾ 5(3) പ്രകാരം അപ്രൂവ്ഡ് കൺസൾട്ടന്റായി നിയമിക്കപ്പെടുന്നയാൾ ഒരു നേവൽ ആർക്കിടെക്റ്റോ, മറൈൻ എഞ്ചിനീയറോ ആയിരിക്കണമെന്ന് നിർബന്ധമുണ്ട്. |
| സി | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചിരുന്നോ ; എങ്കിൽ എത്ര അപേക്ഷയാണ് ലഭിച്ചത് ; ഈ അപേക്ഷകളിൽ ആർക്കെല്ലാം നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | സി | അപ്രൂവ്ഡ് കൺസൾട്ടന്റായി അംഗീകരിക്കപ്പെടാൻ വേണ്ടി തുറമുഖ വകുപ്പ് Central Maritime University, Chennai, Cochin Shipyard, Central Institute of Fisheries Department Cochin, SILK Thrissur, Cochin University of Science & Technology എന്നീ സ്ഥാപനങ്ങളിലുള്ള മറൈൻ എഞ്ചിനീയർമാരെ നോമിനേറ്റ് ചെയ്യാൻ ആവശ്യപ്പെട്ടിരുന്നു.<br>കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്ന് 5 നേവൽ ആർക്കിടെക്റ്റിന്റെയും 3 മറൈൻ എഞ്ചിനീയേഴ്സിന്റെയും നോമിനേഷനും, ഇൻഡ്യൻ മാരിടൈം യൂണിവേഴ്സിറ്റിയിൽ നിന്ന് ഒരു നേവൽ ആർക്കിടെക്റ്റിന്റെ നോമിനേഷനും, സിൽക്കിൽ നിന്ന് ഒരു നോമിനേഷനും ലഭിച്ചിരുന്നു. ലഭിച്ച 10 അപേക്ഷകളിൽ നിന്നും 9 പേരെ നിയമിച്ചിട്ടുണ്ട്. അവരുടെ പേരു വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഡോ.ദിലീപ്.കെ. കൃഷ്ണൻ - റീഡർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഷിപ്പ് ടെക്നോളജി, കൊച്ചിൻ യൂണിവേഴ്സിറ്റി.<br>2. ഡോ.ഐ എൻ ജി.നാരായണൻ കെ. പി- റീഡർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഷിപ്പ് ടെക്നോളജി, കൊച്ചിൻ യൂണിവേഴ്സിറ്റി.<br>3. ഡോ.എസ്.കെ. പ്യാരിലാൽ - റീഡർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഷിപ്പ് ടെക്നോളജി, കൊച്ചിൻ യൂണിവേഴ്സിറ്റി. |

| | | | |
|---|---|---|---|
| | | | 4. ശ്രീ.കെ.ശിവപ്രസാദ് - റീഡർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഷിപ്പ് ടെക്നോളജി, കൊച്ചിൻ യൂണി വേഴ്സിറ്റി.<br>5. ഡോ.കെ.റോബി - റീഡർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഷിപ്പ് ടെക്നോളജി, കൊച്ചിൻ യൂണി വേഴ്സിറ്റി.<br>6. ഡോ.ശശികുമാർ. പി.വി - പ്രൊഫ സർ (On contract basis) കെ.എം. സ്ക്കൂൾ ഓഫ് മറൈൻ എഞ്ചിനീയ റിംഗ്<br>7. പ്രൊഫസർ നായർ എം.ജി. - കോഴ്സ് ഇൻ ചാർജ്ജ് (On contract basis) കെ.എം. സ്ക്കൂൾ ഓഫ് മറൈൻ എഞ്ചിനീയറിംഗ്.<br>8. പ്രൊഫസർ സിംസൺ കെ.എച്ച് - പ്രൊഫസർ ((On contract basis) കെ.എം. സ്ക്കൂൾ ഓഫ് മറൈൻ എഞ്ചിനീയറിംഗ്.<br>9. ഡോ.സി.ബി.സുധീർ - അസോസി യേറ്റ് പ്രൊഫസർ , ഇൻഡ്യൻ മാരിടൈം യൂണിവേഴ്സിറ്റി, കൊച്ചിൻ ക്യാമ്പസ്. |
| ഡി | അപ്രൂവ്ഡ് കൺസൾട്ടന്റുമാരെ നിയമിക്കുന്നതിന് ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന്റെ അനുമതിയോ അംഗീകാരമോ ആവശ്യമുണ്ടോ; ഇപ്പോൾ നിയമിച്ചിരിക്കുന്ന അപ്രൂവ്ഡ് കൺസൾട്ടന്റിന് ഇപ്രകാരമുള്ള അനുമതിയോ/അംഗീകാരമോ ഉണ്ടോ ; | ഡി | അപ്രൂവ്ഡ് കൺസൾട്ടന്റുമാരെ നിയമിക്കുന്നതിന് ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന്റെ അംഗീകാരം ആവശ്യമില്ല. |
| ഇ | ഇന്റർ നാഷണൽ മാരിടൈം ഓർഗനൈസേഷന്റെ അംഗീകാരവും നിർദ്ദിഷ്ട യോഗ്യതകളും പ്രവൃത്തി പരിചയവുമുള്ള ഇതര സ്ഥാപനങ്ങളെ ഇനിയും പരിഗണിക്കുമോ ; ഇത്തരം സ്ഥാപനങ്ങളെ പരിഗണിക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ? | ഇ | കാറ്റഗറി എ വിഭാഗത്തിൽപ്പെടുന്ന ഉൾനാടൻ ജലയാനങ്ങളുടെ സർവ്വെയ്ക്കുവേണ്ടി 8 ക്ലാസിഫിക്കേഷൻ സൊസൈറ്റികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. International Register of Shipping എന്ന സ്ഥാപനം അപ്രൂവ്ഡ് ക്ലാസിഫിക്കേഷൻ സൊസൈറ്റിയുടെ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. എന്നാൽ |

| | | | |
|---|---|---|---|
| | | | സർവ്വെ നടത്താനുള്ള അവരുടെ സാങ്കേതിക മികവ് തിട്ടപ്പെടുത്താൻ ഡിപ്പാർട്ട്മെന്റിന് മതിയായ രേഖകൾ ഇല്ലാത്തതിനാൽ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന് എഴുതുകയും, അവർ പ്രസ്തുത സ്ഥാപനത്തിന് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിന്റെ അനുമതി ഇല്ലാത്തതാണെന്നും അറിയിച്ചിട്ടുണ്ട്. ഇക്കാരണത്താൽ പ്രസ്തുത സ്ഥാപനത്തെ അപ്രൂവ്ഡ് ക്ലാസിഫിക്കേഷൻ സൊസൈറ്റിയുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. International Maritime Organization- ന്റെ അംഗീകാരമുള്ള മറ്റ് സ്ഥാപനങ്ങളെ അംഗീകരിക്കുന്ന കാര്യം താൽക്കാലം പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**